**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1128** **10-08-2023 - ൽ മറുപടിയ്ക്ക്**

**തവനൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല ജീവൻ മിഷന്റെ ഭാഗമായി തവനൂർ മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | (എ) | തവനൂർ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി ചുവടെ കൊടുക്കുന്നു.<br><br>1) ഭാരതപുഴയിലെ കോളനിക്കടവ് മുതൽ അന്നശ്ശേരി ജലശുദ്ധീകരണശാല വരെ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. 30% പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി മന്ദഗതിയിലാണ്.<br><br>2) തൃപ്രങ്ങോട്, മംഗലം, പുറത്തൂർ എന്നീ പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖലയും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തിയും പുരോഗമിച്ചുവരുന്നു. ഇതുവരെ 16% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>3) തൃപ്രങ്ങോട്, മംഗലം, പുറത്തൂർ, വെട്ടം തലക്കാട് എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള 37 എം.എൽ.ഡി ജല ശുദ്ധീകരണശാല നിർമ്മിക്കുന്ന പ്രവൃത്തി ടെണ്ടറിംഗ് നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>4) പുറത്തൂർ പഞ്ചായത്തിൽ 20 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജല സംഭരണി നിർമ്മിക്കുന്ന പ്രവൃത്തിയും അതിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടറിംഗ് നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>5) തൃപ്രങ്ങോട് പഞ്ചായത്തിൽ കൊളപ്പാലത്ത് 8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണിയും അതിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടറിംഗ് നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| | | | 6) തവനൂർ മണ്ഡലത്തിലെ കാലടി, എടപ്പാൾ, വട്ടംകുളം, തവനൂർ ഗ്രാമ പഞ്ചായത്തുകളിലെ ജല ജീവൻ മിഷൻ പ്രവൃത്തികളുടെ ഒന്നാം ഘട്ടം 783 ഗാർഹിക കണക്ഷനുകൾ നല്കി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പഞ്ചായത്തുകളിലെ രണ്ടാംഘട്ടം പ്രവൃത്തിയിൽ 27971 ഗാർഹിക കണക്ഷനുകൾ ആണ് നല്കാൻ ലക്ഷ്യമിടുന്നത്. ആയതിൽ നിലവിൽ 16721 കണക്ഷൻ നല്കിയിട്ടുണ്ട്. ബാക്കിവരുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | പദ്ധതിയുടെ പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്ന എന്തെങ്കിലും കാര്യങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | നിലവിൽ ഭരണാനുമതി നല്കിയിട്ടുള്ള പദ്ധതികൾക്ക് താഴെ പറയുന്ന തടസ്സങ്ങൾ ഉണ്ട്.<br><br>തൃപ്രങ്ങോട് പഞ്ചായത്തിൽ കൊളുപ്പാലത്ത് 8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി നിർമിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടില്ല. ഭാരതപുഴയിലെ കോളനിക്കടവ് മുതൽ അന്നശ്ശേരി ജലശുദ്ധീകരണശാല വരെ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി മന്ദഗതിയിൽ ആണ്.<br><br>നിലവിൽ തവനൂർ മണ്ഡലത്തിലെ കാലടി, എടപ്പാൾ, വട്ടക്കുളം പഞ്ചായത്തുകളിലെ ജല ജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായി രണ്ടാംഘട്ടം പ്രവൃത്തിയിൽ ജലസംഭരണികൾ (ഉന്നതലസംഭരണി 33 LL, ഭൂതല സംഭരണി 38 LL) സ്ഥാപിക്കുന്നത് IDTR ന്റെ കണ്ടനകം ഉടമസ്ഥതയില്ലുള്ള ഭൂമിയിലാണ്. ആയത് വിട്ടുകിട്ടുന്നതിനോ ഉപയോഗ അനുമതി ലഭ്യമാക്കുന്നതിനോ ആയുള്ള നടപടികൾ പൂർത്തിയാകേണ്ടതുണ്ട്. കൂടാതെ കാലടി ഗ്രാമപഞ്ചായത്തിൽ 2553 ലക്ഷം രൂപയുടെ അധിക ഭരണാനുമതി തുക കൂടി ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ